**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1379** **28-07-2021 - ൽ മറുപടിയ്ക്ക്**

**സേവനാവകാശ നിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സേവനാവകാശനിയമം പ്രാബല്യത്തിൽ വന്നത് എന്നാണെന്നു വ്യക്തമാക്കാമോ; | (എ) | 2012 നവംബർ -1ന് സംസ്ഥാനത്ത് സേവനാവകാശനിയമം പ്രാബല്യത്തിൽ വന്നു. |
| (ബി) | സേവനാവകാശം പ്രാബല്യത്തിൽ വരുന്നതിനു മുമ്പ് സെക്രട്ടേറിയേറ്റിലും കളക്ടറേറ്റുകളിലും (ജില്ലതിരിച്ച്) തീർപ്പാകാതെ കിടന്നിരുന്ന ഫയലുകളുടെ എണ്ണം എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ; | (ബി) | സേവനാവകാശനിയമം പ്രാബല്യത്തിൽ വരുന്നതിനു മുമ്പ് സെക്രട്ടേറിയേറ്റിൽ 1,53,433 ഫയലുകൾ തീർപ്പാക്കാനുണ്ടായിരുന്നു. ജില്ലാ കളക്ടറേറ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ജില്ലാ കളക്ടറേറ്റ് | തീർപ്പാക്കാനുള്ള ഫയലുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 35,037 |
| 2 | കൊല്ലം | 35192 |
| 3 | പത്തനംതിട്ട | 23465 |
| 4 | ആലപ്പുഴ | 10711 |
| 5 | കോട്ടയം | 26929 |
| 6 | ഇടുക്കി | 17531 |
| 7 | എറണാകുളം | 248941 |
| 8 | തൃശ്ശൂർ | 11747 |
| 9 | പാലക്കാട് | 66381 |
| 10 | മലപ്പുറം | 17159 |
| 11 | കോഴിക്കോട് | 152274 |
| 12 | വയനാട് | 20471 |
| 13 | കണ്ണൂർ | 27624 |
| 14 | കാസർഗോഡ് | 18541 |

| | | | |
|---|---|---|---|
| (സി) | തീർപ്പാക്കാതെ കിടന്നിരുന്ന ഫയലുകളുടെ കാര്യത്തിൽ സേവനാവകാശം നിലവിൽ വന്നതിനുശേഷം ഉണ്ടായ മാറ്റം എന്തൊക്കെയാണെന്നും ഫയലുകളിൽ | (സി) | ഇക്കാര്യം പ്രത്യേകം പരിശോധിച്ചിട്ടില്ല. |

തീരുമാനം വേഗത്തിൽ ആയി തുടങ്ങിയോ എന്നും അനന്തമായി നിശ്ചലാവസ്ഥയിലാകുന്ന ഫയലുകളുടെ എണ്ണത്തിൽ കുറവ് വന്നു തുടങ്ങിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

(ഡി) ഇപ്പോൾ സെക്രട്ടറിയേറ്റിലും കളക്ടറേറ്റുകളിലും (ജില്ലതിരിച്ച്) തീർപ്പാകാതെ കിടക്കുന്ന ഫയലുകളുടെ എണ്ണം എത്രയാണെന്നും എത്രകാലമായി തീരുമാനമാകാതെ ഈ ഫയലുകൾ ഏതെല്ലാം വകുപ്പുകളിൽ കിടക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) നിലവിൽ സെക്രട്ടേറിയറ്റിൽ 1,83,836 ഫയലുകൾ തീർപ്പാക്കാനുണ്ട്. ജില്ലാ കളക്ടറേറ്റുകളിൽ തീർപ്പാകാനുള്ള ഫയലുകളുടെ വിവരം ചുവടെ ചേർക്കുന്നു. കളക്ടറേറ്റുകളിൽ തീർപ്പാകാനുള്ള ഫയലുകളുടെ കാലാവധി സംബന്ധിച്ച വിശദാംശങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

| ക്രമ നം. | ജില്ലാ കളക്ടറേറ്റ് | തീർപ്പാക്കാനുള്ള ഫയലുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 36603 |
| 2 | കൊല്ലം | 14429 |
| 3 | പത്തനംതിട്ട | 29415 |
| 4 | ആലപ്പുഴ | 16062 |
| 5 | കോട്ടയം | 19861 |
| 6 | ഇടുക്കി | 25679 |
| 7 | എറണാകുളം | 145762 |
| 8 | തൃശ്ശൂർ | 59021 |
| 9 | പാലക്കാട് | 42134 |
| 10 | മലപ്പുറം | 130778 |
| 11 | കോഴിക്കോട് | 37393 |
| 12 | വയനാട് | 33252 |
| 13 | കണ്ണൂർ | 18050 |
| 14 | കാസർഗോഡ് | 17675 |

(ഇ) സേവനാവകാശനിയമപ്രകാരം ഒരു പൗരനു സേവനം ലഭ്യമാക്കേണ്ട സമയപരിധിയും രീതിയും എന്താണെന്നും നിശ്ചിത സമയത്തിനകം സേവനം ലഭ്യമായില്ലെങ്കിൽ കൃത്യവിലോപം കാണിക്കുന്ന ഉദ്യോഗസ്ഥനുള്ള ശിക്ഷ എന്താണെന്നും വ്യക്തമാക്കാമോ;

(ഇ) സേവനാവകാശനിയമത്തിലെ സെക്ഷൻ 4 പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട സേവനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കുന്നതിന് ഓരോ അർഹതയുള്ള ആൾക്കും അവകാശം ഉണ്ടായിരിക്കുന്നതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ അപേക്ഷകന് സേവനം ലഭിച്ചില്ലായെങ്കിൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്. നിയുക്ത ഉദ്യോഗസ്ഥൻ, മതിയായതും യുക്തി സഹവുമായ കാരണമില്ലാതെ സേവനം നൽകുന്നതിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയാൽ, രണ്ടാം അപ്പീൽ അധികാരിക്ക് രേഖാമൂലം ഉള്ള ഒരു ഉത്തരവ് വഴി, കാരണങ്ങൾ വിവരിച്ചുകൊണ്ട്, നിയുക്ത ഉദ്യോഗസ്ഥനുമേൽ താമസം വരുത്തിയ ഓരോ ദിവസത്തിനും ഒരു ദിവസത്തിന് 250/- രൂപ നിരക്കിൽ അതിന്റെ ആകെ തുക 5000/-രൂപയിൽ കവിയാത്തതുമായ ഒരു പിഴ ചുമത്താവുന്നതാണ്. നിശ്ചിത

| | | | |
|---|---|---|---|
| | | | സമയപരിധിക്കുള്ളിൽ അപ്പീൽ തീരുമാനമെടുക്കുന്നതിൽ ഒന്നാം അപ്പീൽ അധികാരി വീഴ്ച വരുത്തിയെന്ന് രണ്ടാം അപ്പീൽ അധികാരി കണ്ടെത്തുന്ന പക്ഷം, അദ്ദേഹത്തിന് ഒന്നാം അപ്പീൽ അധികാരിക്കുമേൽ 500/- രൂപയിൽ കുറയാത്തതും 5000/- രൂപയിൽ കവിയാത്തതുമായ ഒരു പിഴ ചുമത്താവുന്നതാണ്. നിയുക്ത ഉദ്യോഗസ്ഥനോ, ഒന്നാം അപ്പീൽ അധികാരിയോ മതിയായ കാരണമില്ലാതെ, ഈ നിയമ പ്രകാരം ഉളള ചുമതലകൾ നിർവഹിക്കുന്നതിൽ വിഴ്ച വരുത്തിയാൽ നിർദ്ദിഷ്ട ഓഫീസർക്കും ഒന്നാം അപ്പീൽ അധികാരിക്കും എതിരെ നിലവിലുള്ള സർവ്വീസ് ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടിക്ക് ശുപാർശ ചെയ്യാനും വ്യവസ്ഥയുണ്ട്. |
| (എഫ്) | സേവനാവകാശനിയമം നിലവിൽ വന്നതിനു ശേഷം പ്രസ്തുത നിയമപ്രകാരം സേവനം നൽകാത്തതിന്റെ പേരിൽ എത്ര ഉദ്യോഗസ്ഥന്മാർ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; നൽകിയ ശിക്ഷ എന്താണെന്നും കുറ്റത്തിന്റെ സ്വഭാവം എന്തായിരുന്നു എന്നും വ്യക്തമാക്കാമോ; | (എഫ്) | സേവനാവകാശ നിയമ പ്രകാരം സേവനം ലഭ്യമാക്കുന്നതിന് എല്ലാ വകുപ്പ് മേധാവികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ജി) | ആരും ശിക്ഷിക്കപ്പെട്ടിട്ടില്ലെങ്കിലോ ശിക്ഷ ഏറ്റുവാങ്ങിയവരുടെ എണ്ണം കുറവാണെങ്കിലോ, സേവനാവകാശനിയമത്തിന്റെ നേട്ടമാണോ കാണിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ജി) | സേവനാവകാശ നിയമ പ്രകാരം സേവനം ലഭ്യമാക്കുന്നതിന് എല്ലാ വകുപ്പ് മേധാവികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ